**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4567** **01-07-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്കുകളുടെ പ്രവർത്തനം സുതാര്യമാക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ രമേശ് ചെന്നിത്തല ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി)** | |
| (എ) | സഹകരണ ബാങ്കുകളുടെ പ്രവർത്തനം സുതാര്യമാക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ സഹകരണ ബാങ്കുകളുടെ പ്രവർത്തനം സുതാര്യമാക്കുന്നതിന്റെ ഭാഗമായും, സഹകരണ മേഖലയുടെ സമഗ്ര പരിഷ്കരണം ലക്ഷ്യമിട്ടും, ക്രമക്കേടുകൾ തടയുന്നതിനുമായി കേരള സഹകരണ സംഘം (മൂന്നാം ഭേദഗതി) ബിൽ നിയമസഭ പാസ്സാക്കുകയും ആയതിന് ബഹുമാനപ്പെട്ട ഗവർണ്ണറുടെ അംഗീകാരം ലഭ്യമാകുകയും ചെയ്തിരുന്നു. ടി സമഗ്ര നിയമ ഭേദഗതിയ്ക്ക് അനുസൃതമായി സഹകരണ ചട്ടം ഭേദഗതി ചെയ്യുന്നതിലേക്കായി സഹകരണ സംഘം രജിസ്ട്രാർ അദ്ധ്യക്ഷനായി സഹകാരികളും ഉദ്യോഗസ്ഥരുമടങ്ങുന്ന സമിതി രൂപീകരിച്ച് കരട് ചട്ട ഭേദഗതി തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ ആധുനിക വൽകരിക്കുന്നതിനും, അക്കൗണ്ടിംഗ് സിസ്റ്റം ശക്തമാക്കുന്നതിനും, ക്രമക്കേടുകൾ തടയുന്നതിനും, സഹകരണമേഖലയിലേക്ക് കൂടുതൽ ജനങ്ങളെയും യുവാക്കളെയും ആകർഷിക്കുന്നതിനുമായി ഏകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിന്റെ ഭാഗമായി ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു. വിവിധ ഘട്ടങ്ങളിലായി 18 മാസം കൊണ്ട് പദ്ധതി പൂർത്തീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.<br><br>സഹകരണ വകുപ്പിന്റെ ആധുനിക വത്ക്കരണത്തിന്റെ ഭാഗമായി ICDMS (Integrated Co-operative Department Management System) പദ്ധതി പ്രകാരം സഹകരണ സംഘങ്ങളുടെ ആഡിറ്റ് റിപ്പോർട്ട്, സോഫ്റ്റ് വെയർ സംവിധാനത്തിൽ തയ്യാറാക്കി ഓൺലൈൻ ആയി ലഭ്യമാക്കുന്നതിനുള്ള |

ആഡിറ്റ് മോഡ്യൂളിന്റെ സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. യൂസർ അക്സപ്റ്റൻസ് ടെസ്റ്റ് (UAT) നടപടികൾ പുരോഗമിക്കുന്നു.

സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച പരിശോധനകൾ കാര്യക്ഷമമാക്കുന്നതിനായി താലൂക്ക് തലത്തിലും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും ഇൻസ്പെക്ഷൻ ടീം രൂപീകരിച്ച് പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

സഹകരണ സംഘങ്ങളുടെ പ്രവർത്തനം സുതാര്യമാക്കുന്നതിന്റെ ഭാഗമായി ആഡിറ്റ് കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതും ആക്കുന്നതിലേയ്ക്കായി ബഹു. കേരള മുഖ്യമന്ത്രിയുടെ അവലോകന യോഗത്തിൽ സഹകരണ വകുപ്പിൽ ടീം ഓഡിറ്റ് സംവിധാനം നടപ്പിലാക്കുന്നതിന് നിർദ്ദേശിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനം ഒട്ടാകെ ടീം ഓഡിറ്റ് നടപ്പിലാക്കുന്നതിന് തത്ത്വത്തിൽ സർക്കാർ അംഗീകാരം നൽകുകയും, പൈലറ്റ് അടിസ്ഥാനത്തിൽ പത്തനംതിട്ട, തൃശ്ശൂർ എന്നീ ജില്ലകളിൽ ടീം ഓഡിറ്റ് ആരംഭിക്കുകയും ചെയ്തു. ടി പദ്ധതി വൻ വിജയമായതിനെ തുടർന്ന് എല്ലാ ജില്ലകളിലും ടീം ആഡിറ്റ് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമം ആക്കുന്നതിലേക്കായി ആഡിറ്റ് മാന്വൽ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സഹകരണസംഘങ്ങളുടെ ആഡിറ്റ് റിപ്പോർട്ടിലെ പ്രധാനപ്പെട്ട വിവരങ്ങൾ പൊതുജനങ്ങൾക്ക് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി Co-operative Audit Monitoring & Information System (CAMIS) എന്ന ഡാഷ് ബോർഡ് സേവനം www.camis.kerala.gov.in എന്ന പേജിലൂടെ ലഭ്യമാണ്. സംഘങ്ങളുടെ അംഗത്വം, നിക്ഷേപം, വായ്പ, ലാഭം/നഷ്ടം തുടങ്ങിയ വിവരങ്ങൾ ഇതിലൂടെ അറിയാൻ കഴിയുന്നതാണ്. സഹകരണമേഖലയുടെ സുതാര്യത ഉറപ്പുവരുത്തുന്നതിനും ഇടപാടുകാർക്കും അംഗങ്ങൾക്കും സ്ഥാപനത്തെ കുറിച്ച് കൂടുതൽ അറിയുന്നതിനും ഈ സേവനം സഹായിക്കുന്നു.

സഹകരണ നിയമപ്രകാരമുള്ള അന്വേഷണങ്ങളിലോ പരിശോധയിലോ ആഡിറ്റിലോ ക്രിമിനൽ സ്വഭാവമുള്ള സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തുന്ന പക്ഷം കൃത്യവിലോപം വരുത്തിയ ജീവനക്കാർക്കും ഭരണ സമിതി അംഗങ്ങൾക്കുമെതിരെ

| | | | |
|---|---|---|---|
| | | | ക്രിമിനൽ നിയമ പ്രകാരം നടപടി സ്വീകരിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ 50/2021 നമ്പരായി സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളതാണ്. സഹകരണ സ്ഥാപനങ്ങളിൽ പൊതു ധനത്തിന്റേയോ ആസ്തികളുടേയോ തിരിമറികൾ ശ്രദ്ധയിൽപെട്ടാൽ പ്രസ്തുത ക്രമക്കേടിൽ ഉൾപ്പെട്ടിട്ടുള്ള തുകകൾ എത്രതന്നെയായാലും ക്രിമിനൽ നടപടി നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം അന്വേഷണം നടത്തുന്നതിന് ക്രമക്കേട് ശ്രദ്ധയിൽപ്പെട്ട സഹകരണ സ്ഥാപനത്തിന്റെ ആസ്ഥാന ആഫീസിന്റെ പരിധിയിൽ വരുന്ന ലോക്കൽ പോലീസ് സ്റ്റേഷനിൽ അറിയിക്കേണ്ടതാണെന്ന് പ്രസ്തുത സർക്കുലറിൽ നിഷ്കർഷിക്കുന്നു. |
| (ബി) | കരുവന്നൂർ സഹകരണ ബാങ്കിൽ നിക്ഷേപിച്ച പണം നഷ്ടപ്പെട്ടവർക്ക് ആയത് തിരിച്ച് നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ബി) | കരുവന്നൂർ സർവീസ് സഹകരണ ബാങ്കിലെ ക്രമക്കേടുകളിൽ സഹകരണ നിയമം വകുപ്പ് 65, വകുപ്പ് 68 എന്നിവ പ്രകാരം അന്വേഷണം നടത്തുകയും, ക്രമക്കേടിന് ഉത്തരവാദികളായ ടി ബാങ്ക് ഭരണസമിതി അംഗങ്ങൾ, ജീവനക്കാർ എന്നിവർക്ക് എതിരായി സർചാർജ് നടപടികൾ സ്വീകരിച്ച് വരുകയാണ്.<br><br>രണ്ട് ഘട്ടങ്ങളിലായി നടപ്പിലാക്കിവരുന്ന കരുവന്നൂർ സർവീസ് സഹകരണ ബാങ്കിന്റെ പുനരുദ്ധാരണ പദ്ധതി പ്രകാരം തൃശ്ശൂർ ജില്ലയിലെ സഹകരണ സംഘങ്ങളിൽ നിന്നും 27.01 കോടി രൂപയും, സഹകരണ വികസന ക്ഷേമനിധി ബോർഡിൽ നിന്നും വായ്പയായി 10 കോടി രൂപയും, ടി ബാങ്കിന്റെ പേരിൽ സംസ്ഥാന സഹകരണ ബാങ്കിൽ റിസർവ്വ് ഫണ്ട് ഇനത്തിൽ നിക്ഷേപിച്ചിരുന്ന 2 കോടി രൂപയും ഉൾപ്പെടെ ആകെ 39.01 കോടി രൂപയും, 28/07/2021 മുതൽ 21/06/2024 വരെ ടി ബാങ്കിലെ വായ്പ കുടിശ്ശിക പിരിച്ചെടുത്തതിലൂടെ 110.81 കോടി രൂപയും സ്വരൂപിച്ചിട്ടുണ്ട്.<br><br>ഇത്തരത്തിൽ സ്വരൂപിച്ച തുക വിനിയോഗിച്ച് 28/07/2021 മുതൽ 21/06/2024 വരെ 124.31 കോടി രൂപ നിക്ഷേപകർക്ക് തിരികെ നല്കിയിട്ടിട്ടുണ്ട്.<br><br>**<u>കരുവന്നൂർ സർവീസ് സഹകരണ ബാങ്കിലെ നിക്ഷേപകർക്ക് തുക തിരിച്ച് നൽകാൻ സ്വീകരിച്ച മറ്റ് പ്രധാന നടപടികൾ</u>**<br><br>• കുടിശ്ശിക വായ്പകൾ ഈടാക്കുന്നതിന് 4 സെയിൽ ഓഫീസർമാരുടെ സേവനം വിട്ടു നൽകി. |

| | | | |
|---|---|---|---|
| | | | • ടി ബാങ്കിന് മാത്രമായി പ്രത്യേക ഒറ്റ തവണ തീർപ്പാക്കൽ പദ്ധതി അംഗീകരിച്ച് നൽകി.<br>• ടി ബാങ്കിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി കേരള ബാങ്കിൽ നിന്നും ഒരു ഉദ്യോഗസ്ഥന്റെ സൗജന്യ സേവനം ലഭ്യമാക്കി.<br>• കേരള സർക്കാരും, സഹകരണ വകുപ്പും ബാങ്ക് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയും, ചേർന്ന് തയ്യാറാക്കിയ പുനരുദ്ധാരണ പാക്കേജ് പ്രകാരം നിക്ഷേപകർക്കു കാലാവധി പൂർത്തീകരിച്ച നിക്ഷേപങ്ങൾ തിരികെ നല്കിവരുന്നു.<br>• എല്ലാ സേവിങ്സ് അക്കൗണ്ടുകളിൽ നിന്നും 30.09.2023 തീയതിയിലെ ബാലൻസ് അടിസ്ഥാനമാക്കി പരമാവധി 50,000/- രൂപയും, സ്ഥിരനിക്ഷേപം 1,00,000/- രൂപ വരെയുള്ളവയിൽ 30.09.2023 -ൽ കാലാവധി പൂർത്തീകരിച്ച നിക്ഷേപങ്ങളുടെ പൂർണമായ മുതലും പലിശയും തിരികെ നൽകി.<br>• 2023 ജനുവരി മുതൽ 31.10.2023 വരെ കാലാവധി പൂർത്തീകരിച്ച മറ്റുള്ള സ്ഥിര നിക്ഷേപങ്ങളുടെ മുതൽ തുകയുടെ 10% വും പൂർണമായ പലിശയും തിരികെ നൽകി വരുന്നു.<br>• ബാങ്ക് നടത്തി വരുന്ന GDCS/RD പദ്ധതികൾ പ്രകാരം നിക്ഷേപിച്ചിരുന്ന തുകകൾ അവരുടെ സേവിങ്സ് അക്കൗണ്ടുകളിലേയ്ക്ക് മാറ്റി ടി, അക്കൗണ്ടുകളിൽ നിന്ന് 10% തുക തിരികെ നൽകി വരുന്നു.<br>• ചികിത്സ, വിവാഹം എന്നീ ആവശ്യങ്ങൾക്ക് പ്രത്യേക പരിഗണന നൽകി നിക്ഷേപങ്ങൾ മടക്കി നൽകുന്നുണ്ട്.<br>• കേരള സഹകരണ വികസന ക്ഷേമ നിധി ബോർഡിൽ നിന്നും ലഭിച്ച 10 കോടി രൂപ ഉപയോഗപ്പെടുത്തി ബാങ്കിൽ നിന്നും ഗോൾഡ് ലോൺ നൽകി വരുന്നു. കൂടാതെ ടി ബാങ്കിൽ നിന്നും കാർഷിക വായ്പകൾ, സ്വയം സഹായ സംഘങ്ങൾക്കുള്ള വായ്പകൾ, 10 ലക്ഷം രൂപ വരെ വസ്തു പണയ വായ്പകൾ എന്നിവയും നൽകി വരുന്നു. ഇത്തരത്തിൽ 28/07/2021 മുതൽ 21/06/2024 വരെ 2295 വായ്പകളിലായി 10.28 കോടി രൂപ വായ്പ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ